**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2127** **03-03-2025 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം കണ്ണാശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് ഒന്നര വർഷം മുൻപ് കോട്ടക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ഗവൺമെൻറ് കണ്ണാശുപത്രിയുടെ നിർമ്മാണം പൂർത്തികരിക്കുകയും ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കി ആശുപത്രി പ്രവർത്തനസജ്ജമാക്കിയിട്ടും മതിയായ ജീവനക്കാരെ നിയമിക്കാത്തതിനാൽ കണ്ണാശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുറ്റിപ്പുറം കണ്ണാശുപത്രിയുടെ ഉദ്ഘാടനം കഴിയുന്ന മുറയ്ക്ക് എൻ.എച്ച്.എം മുഖേന 2 നഴ്സിംഗ് ഓഫീസർമാരെയും, ആവശ്യമുള്ള മറ്റ് ജീവനക്കാരെയും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് ആശുപത്രി പ്രവർത്തന സജ്ജമാക്കുന്നതാണ്. |
| (ബി) | പുതിയതായി ആരംഭിക്കുന്ന ഒഫ്താൽമിക് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ഒരു ഒപ്റ്റോമെടിസ്റ്റ്, 4 സ്റ്റാഫ് നഴ്സുമാർ , 2 നഴ്സിങ് അസിസ്റ്റന്റുമാർ, 2 അറ്റന്റന്റുമാർ എന്നിവരുടെ തസ്തിക അനുവദിക്കുന്നതിനായി നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ആർദ്രം മാനദണ്ഡ പ്രകാരം താലൂക്കാശുപത്രികളിൽ ഒപ്റ്റോമെടിസ്റ്റ് Gr. II ന്റെ ഒരു തസ്തിക മാത്രമേ നിഷ്കർഷിക്കുന്നുള്ളൂ. മേൽ തസ്തിക പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ളതിനാൽ ഒപ്റ്റോമെടിസ്റ്റ് Gr.II ന്റെ അധിക തസ്തിക ആവശ്യമെങ്കിൽ ദേശീയ ആരോഗ്യ പ്രോഗ്രാമായ അന്ധതാ നിവാരണ പദ്ധതിയിൽ (NPCB) ഉൾപ്പെടുത്തിയോ, എൻ.എച്ച്.എം മുഖേനയോ, എച്ച്.എം.സി, കാസ്പ് എന്നിവയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചോ താൽക്കാലിക ജീവനക്കാരെ പ്രസ്തുത തസ്തികയിലേയ്ക്ക് നിയോഗിക്കേണ്ടതാണെന്ന നിർദേശം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മറ്റ് തസ്തികകൾ ഗ്യാപ്പ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചു വരുന്നുണ്ട് |
| (സി) | ആശുപത്രിയിലേക്ക് അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| (ഡി) | രോഗികൾക്ക് ചികിൽസയും തുടർ ചികിൽസയും ലഭ്യമാക്കുതിന് മതിയായ ജീവനക്കാരെ നിയമിച്ച് കണ്ണാശുപത്രിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് നിർമ്മാണം, പൂർത്തീകരിച്ച ഒഫ്ത്താൽമിക് ഒ.പി കം ഓപ്പറേഷൻ തീയേറ്ററിന്റെ ഉദ്ഘാടനം കഴിയുന്ന മുറയ്ക്ക് എൻ.എച്ച്.എം മുഖേന 2 നഴ്സിംഗ് ഓഫീസർമാരെ നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ